# അങ്ങാടിപത്രം

നമ്മുടെ നാടിന്റെ വാർത്താജാലകം

Volume: 1, Issue: 18

നവംബർ 23 ചൊവ്വ 2021

ഡോൺ ബോസ്കോ ആർട്സ് & സയൻസ് കോളേജ് ജേർണലിസം വിഭാഗം ദ്വൈവാര പ്രസിദ്ധീകരണം


## തൊഴിൽ ഉറപ്പാണ്; 'ആപ്പി'ലൂടെ

**അനുഗ്രഹ ആൻ ജോർജ്ജ്**

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ ഭാഗമായ സർവ്വേ അയ്യംകുന്ന് ഗ്രാമപഞ്ചായത്തിൽ തുടങ്ങി. സ്വകാര്യഭൂമിയിൽ ചെയ്യുന്ന പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനാണ് കേന്ദ്രസർക്കാരിന്റെ പുതിയ വിജ്ഞാപനമനുസരിച്ച് സർവ്വേ നടത്തുന്നത്. തൊഴിലുറപ്പ് പദ്ധതിക്ക് കീഴിലെ മുഴുവൻ പ്രവർത്തികളും ജിയോഗ്രാഫിക്കൽ ഇൻഫോർമേഷൻ സിസ്റ്റത്തിനു(ജി. ഐ. എസ്.) കീഴിൽ കൊണ്ടുവരണമെന്നാണ് കേന്ദ്രസർക്കാരിന്റെ നിർദ്ദേശം.

ഇപ്രകാരം സ്വകാര്യഭൂമിയിൽ കിണർ, കയ്യാല, കമ്പോസ്റ്റ് പിറ്റ്, മഴക്കുഴി, മുതലായവ ആവശ്യമുള്ളവരുടെ വിവരങ്ങളാണ് ഈ സർവ്വേയിൽ ശേഖരിക്കുന്നത്. സംസ്ഥാന തൊഴിലുറപ്പ് പദ്ധതി മിഷൻ വികസിപ്പിച്ച 'ജി. ഐ. എസ്. - എം. ജി. എൻ. ആർ. ഇ. ജി. എ. കേരള' എന്ന ആൻഡ്രോയിഡ് ആപ്പിൽ ഫീൽഡുതലത്തിൽ എന്യൂമറേറ്റർമാർ വിവരങ്ങൾ ശേഖരിച്ചു ലൊക്കേഷൻ ഉൾപ്പടെ അപ്‌ലോഡ് ചെയ്യുന്നു.



ആപ്പിലൂടെ വിവരങ്ങൾ ശേഖരിക്കുന്ന എന്യൂമറേറ്റർമാർ

'സ്വകാര്യഭൂമി ഉടമകളുമായി സംസാരിച്ച് അവരുടെ വിശദാംശങ്ങൾ ശേഖരിക്കുകയും അവർക്ക് ആവശ്യമുള്ള സേവനങ്ങളെ ക്കുറിച്ച് ചോദിച്ചറിയുകയും ചെയ്തതിന് ശേഷം അടുത്ത മൂന്നു വർഷത്തേക്ക് പഞ്ചായത്തിൽ എന്തുതരം പ്രവർത്തികളാണ് തൊഴിലുറപ്പ് പദ്ധതി വഴി നടത്തേണ്ടതെന്ന് തീരുമാനിക്കുന്നത്. വീട്ടുകാരുടെ ആവശ്യമനുസരിച്ച് തെങ്ങിന് തടം എടുക്കുക, കയ്യാല, തൊഴുത്ത്, ആട്ടിൻകൂട്, കോഴിക്കൂട് നിർമ്മിക്കുക എന്നീ സേവനങ്ങൾ ലഭ്യമാക്കും.' പഞ്ചായത്ത് പ്രസിഡന്റ് കുര്യാച്ചൻ പൈമ്പള്ളിക്കുന്നേൽ പറഞ്ഞു.

'ജി. ഐ. എസ്. സർവ്വേ എടുക്കുന്നവർ സ്വകാര്യഭൂമിയുടെ വിശദവിവരങ്ങളും ലൊക്കേഷനും കൃത്യമായി ആപ്പിലേക്ക് അപ്‌ലോഡ് ചെയ്യുന്നതിനാൽ തൊഴിലുറപ്പിന്റെ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമായി നടത്തുവാനും നിരീക്ഷിക്കുവാനും സാധിക്കും. സ്വകാര്യവ്യക്തികൾക്ക് ആവശ്യമായ സേവനങ്ങൾ നേരത്തേ ശേഖരിച്ചിരുന്നുവെന്നത് നൂറുപണി ഉറപ്പാക്കുന്ന പദ്ധതി എളുപ്പമാക്കും. ഈ സർവ്വേ പ്രകാരം ശേഖരിക്കുന്ന ഡാറ്റ ആസ്പദമാക്കിയാണ് അടുത്ത മൂന്ന് വർഷങ്ങളിലേക്കുള്ള തൊഴിലുറപ്പിന്റെ ആക്ഷൻ പ്ലാൻ തയ്യാറാക്കുന്നത്. ഈ ശേഖരിച്ച വിവരങ്ങൾ അനുസരിച്ചുള്ള തൊഴിലുറപ്പിന്റെ പ്രവർത്തനങ്ങൾ അടുത്തവർഷം മുതൽ തുടങ്ങും' അക്രെഡിറ്റഡ് എൻജിനീയർ ഉഷ കെ. പി. പറഞ്ഞു.

'അങ്ങാടിക്കടവ് ഡോൺ ബോസ്കോ ആർട്സ് ആന്റ് സയൻസ് കോളേജിലെ എം. എസ്. ഡബ്ല്യൂ, ബി. എസ്. ഡബ്ല്യൂ വിദ്യാർത്ഥികൾക്ക് ഇതിനായി പ്രത്യേക പരിശീലനം നാല്കിയിരുന്നു. അയ്യംകുന്ന് പഞ്ചായത്തിലെ പതിനാറ് വാർഡുകളിൽ പതിനാലിലും എന്യൂമറേറ്റർമാരായി പോകുന്നത് ഇവരാണ്. ഇരിട്ടി ബ്ലോക്കിൽനിന്നും എത്തിയ ഉദ്യോഗസ്ഥർ വിദ്യാർത്ഥികൾക്ക് 'ജി. ഐ. എസ്. - എം. ജി. എൻ. ആർ. ഇ. ജി. എ. കേരള' എന്ന ആപ്പ് പരിചയപ്പെടുത്തുകയും, സർവ്വേ എങ്ങനെ നടത്തണമെന്ന് നിർദ്ദേശിക്കുകയും ചെയ്തു. നവംബർ 10-ന് പരിശീലനക്ലാസ് നടത്തി. 11 മുതൽ സർവ്വേ തുടങ്ങി. ഒരു വാർഡിൽ നാല് എന്യൂമറേറ്റർമാർ എന്ന രീതിയിലാണ് വിദ്യാർത്ഥികളെ അയക്കുന്നത്' ഡോൺ ബോസ്കോ കോളേജ് എം. എസ്. ഡബ്ല്യൂ ഡിപാ ർട്ട്മെന്റ് ഫീൽഡ് മാനേജർ ക്രിസ്റ്റഫർ മാത്യു പറഞ്ഞു.

'തൊഴിലുറപ്പിന്റെ പ്രവർത്തികൾ ജി. ഐ. എസ്. അധിഷ്ഠിത സംവിധാനത്തിൽ കൊണ്ടുവരുന്നത് വളരെ നല്ല കാര്യമാണ്. പ്രവർത്തനങ്ങൾക്ക് പ്രതിബദ്ധത ഉണ്ടാകുമെന്ന് മാത്രമല്ല, നാട്ടുകാരുടെ ആവശ്യം അന്വേഷിച്ച റിഞ്ഞ് പ്രവർത്തനങ്ങൾ നടക്കുമ്പോൾ ഉപഭോക്താവിന് കൂടുതൽ ഗുണം ലഭിക്കും' പ്രദേശവാസി ബിജു ജോൺ ടി പറഞ്ഞു.

## നിലച്ച പണി; നിലയ്ക്കാത്ത ദുരിതം

- ഏഴാംകടവ് പാലത്തിന്റെ നിർമാണം വീണ്ടും അനിശ്ചിതത്ത്വത്തിൽ.
- വാക്സിൻ എടുക്കാൻ പോലും കഴിയാതെ വയോധികർ.

**ലിഡിയ ജേക്കബ്**

ഉരുപ്പുംകുറ്റി: യാത്രദുരിതത്തിന് അന്ത്യമില്ലാതെ ഏഴാംകടവ് നിവാസികൾ. മൂന്ന് വർഷം മുൻപ് ആരംഭിച്ച ഏഴാംകടവ് പാലത്തിന്റെ നിർമാണം അപ്രോച്ച് റോഡിന്റെയും കൈവരിയുടെയും പണിതുതീരാൻ ബാക്കി നിൽക്കെ വീണ്ടും നിലച്ചു. പാലം ഗതാഗതയോഗ്യമല്ലാത്തതിനാൽ പ്രദേശത്തെ വയോധികരിൽ ഭൂരിഭാഗംപേർക്കും വാക്സിൻ എടുക്കാൻ കഴിഞ്ഞിട്ടില്ല.

2018ൽ ആരംഭിച്ച പാലം നിർമാണം 2019 ജനുവരിയിൽ നിലച്ചു. പിന്നീട് അങ്ങാടിപത്രത്തിന്റെ സമയോചിതമായ ഇടപെടൽ നിമിത്തം 2020 മെയ് മാസത്തിൽ നിർമ്മാണം പുനരാരംഭിക്കുകയായിരുന്നു. തൂണുകളും സ്ളാബുകളും വാർത്തശേഷം കരാറുകാരന്റെ അലംഭാവം മൂലം നിർമാണം വീണ്ടും മുടങ്ങിയിരിക്കുകയാണ്.

'കുടിയേറ്റക്കാലം മുതലുള്ള ഈ ദുരിതം തികച്ചും മനുഷ്യാവകാശ ലംഘനമാണ്. ഇതിനൊരു ശാശ്വത പരിഹാരം വേണമെന്നും കരാറുകാരനെ മാറ്റണമെന്നും ആവശ്യപ്പെട്ട്' നവംബർ 14ന് പ്രദേശവാസികൾക്കിടയിൽ ഒപ്പ് ശേഖരണം നടത്തി ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനിയർക്ക് സമർപ്പിച്ചിട്ടുണ്ട്.' ഏഴാം വാർഡ് മെമ്പർ എ. വൺ ജോസ് പറഞ്ഞു.

'അപ്രോച്ച് റോഡ് ഇല്ലാത്തതിനാൽ ആളുകൾ മരത്തടിയിലൂടെയാണ് കടന്നുപോകുന്നത്. ആശുപത്രിയിലേക്കുള്ള യാത്രയാണ് ജനങ്ങളെ ഏറ്റവും ബുദ്ധിമുട്ടിക്കുന്നത്. രോഗികളെ ചുമന്നാണ് അക്കരെയെത്തിക്കുന്നത്. വാഹനം കടന്നുപോകാത്തതിനാൽ ആരോഗ്യപ്രവർത്തകർക്കും പ്രദേശത്തെ വീടുകളിലേക്ക് എത്തിചേരാൻ സാധിക്കുന്നില്ല. അതിനാൽ പ്രദേശത്തെ വയോധികരിൽ പലർക്കും ആദ്യ ഡോസ് വാക്സിൻ പോലും ലഭിച്ചിട്ടില്ല,.' പ്രദേശവാസിയായ അഗസ്തി മുയ്യപ്പള്ളിയിൽ പറഞ്ഞു.



'നീണ്ടു പോകുന്ന പാലം നിർമാണം പ്രദേശവാസികളുടെ നീണ്ട നാളത്തെ ദുരിത ജീവിതത്തിന് ആക്കം കൂട്ടുകയാണ്. പലതവണയായി മുടങ്ങുന്ന നിർമാണം നാട്ടുകാരുടെ ഏറെ നാളത്തെ പ്രതീക്ഷകൾക്ക് മങ്ങലേൽപ്പിച്ചിരിക്കുന്നു. ഇതിന് എത്രയും വേഗം ഒരന്ത്യം ഉണ്ടാകണം.' ഉരുപ്പുംകുറ്റി സെന്റ് മേരീസ് പള്ളി വികാരി ഫാ. ജോബിൻ വലിയപറമ്പിൽ പറഞ്ഞു.

## പ്രോട്ടോക്കോൾ പാലിച്ച് ശിശുദിനാഘോഷം

**ഹർഷ കെ വി**

**അങ്ങാടിക്കടവ്:** നീണ്ട ഇടവേളക്ക് ശേഷം സ്കൂൾ തുറിന്നിട്ടും ശിശുദിനം ഓഫ്‌ലൈനായി നടത്താൻ കഴിയാതെ സേക്രട്ട് ഹാർട്ട് യു.പി സ്കൂൾ. കോവിഡ് മാനദണ്ഡ പ്രകാരം ഒരു ബെഞ്ചിൽ രണ്ട് കുട്ടികൾക്കും ഒരു ക്ലാസിൽ ഇരുപത് കുട്ടികൾക്കും മാത്രമാണ് പ്രവേശനം അനുവദിക്കുന്നത്. സ്കൂളിൽ ഇരുന്നൂറിൽപരം വിദ്യാർത്ഥികൾ ഉള്ളതുകൊണ്ടാണ് പരിപാടി ഓൺലൈനായി നടത്തേണ്ടി വന്നത്.

മാനേജർ റവ. ഫാദർ തോമസ് ആമക്കാട്ടിൽ വാട്സ്ആപ്പ് സന്ദേശം അയച്ച് പരിപാടി ഉദ്ഘാടനം ചെയ്തു. അദ്ധ്യാപകരുടെ സന്ദേശവും കുട്ടികൾ തയ്യാറാക്കിയ വീഡിയോകളും ഫോട്ടോയും വിവിധ ക്ലാസ് ഗ്രൂപ്പുകളിലേക്ക് അയച്ചു.

'കോവിഡ് മാനദണ്ഡം നിലനിൽക്കുന്ന സാഹചര്യത്തിൽ മുഴുവൻ കുട്ടികളെയും പങ്കെടുപ്പിക്കാൻ വേണ്ടിയാണ് പരിപാടി ഓൺലൈനായി നടത്തിയത്. മാർഗരേഖ പുതുക്കി നൽകുന്നത് വരെ കൂടുതൽ കുട്ടികളെ ഉൾപ്പെടുത്തി പരിപാടികൾ നടത്താൻ സാധിക്കില്ല. ഓൺലൈൻ പരിപാടികളിലാണ് കുട്ടികളുടെ കൂടുതൽ പങ്കാളിത്തം ഉറപ്പാക്കാനാവുന്നത്. മുഴുവൻ വിദ്യാർത്ഥികളെയും പങ്കെടുപ്പിക്കാനും സാധിച്ചു'. പ്രിൻസിപ്പാൾ സ്റ്റാനി കെ.എം പറഞ്ഞു.

'ഒന്നര മണിക്കൂറിൽ കുടുതൽ ഓൺലൈനായി പരിപാടി നടത്താൻ സാധിക്കാത്തതിനാൽ ക്ലാസ് തലത്തിലാണ് പരിപാടികൾ നടത്തിയത്. കോവിഡ് മാനദണ്ഡമുള്ളതിനാൽ കുട്ടികൾക്ക് ആഗ്രഹമുണ്ടെങ്കിലും ഓഫ്‌ലൈൻ പരിപാടി നടത്താൻ സാധിക്കില്ല. പ്രാദേശികമായി വിവിധ ബാച്ചുകളിലായാണ് വിദ്യാർത്ഥികളെ ക്ലാസിലെത്തിക്കുന്നത്. അതുകൊണ്ട് ഓഫ്‌ലൈൻ പരിപാടികളിൽ എല്ലാ കുട്ടികൾക്കും പങ്കെടുക്കാൻ സാധിക്കില്ല്'. ടീച്ചിംങ് സ്റ്റാഫ് നിമിഷ ടി ജോസ് പറഞ്ഞു.

'ക്ലാസുകൾ ഓഫ്‌ലൈനാണെങ്കിലും പരിപാടികൾ ഓൺലൈനായി നടക്കുന്നതാണ് ഇഷ്ടം. ഓഫ് ലൈനായി പരിപാടി അവതരിപ്പിക്കുവാൻ ഭയമാണ്. പ്രോഗ്രാമുകൾ വാട്സ്ആപ്പ് വഴി അയക്കുവാനാണ് താൽപര്യം.'' ഏഴാം ക്ലാസ് വിദ്യാർത്ഥിനി എറിൻ മറിയ ജോസ് പറഞ്ഞു.



ശിശുദിനത്തിന്റെ ഭാഗമായി യു.പി വിഭാഗത്തിനായി പ്രസംഗമത്സരവും എൽ.പി വിഭാഗത്തിനായി ശിശുദിന ഗാനരചന മത്സരവും വാട്സ്ആപ്പ് ഗ്രൂപ്പ് വഴിയാണ് സംഘടിപ്പിച്ചത്. സമ്മാനം പിന്നീടുള്ള ദിവസങ്ങളിൽ അദ്ധ്യാപകർ കുട്ടികൾക്ക് നൽകി.

**കരിക്കോട്ടക്കരി:** കോവിഡ് സൃഷ്ടിച്ച രണ്ട് വർഷത്തെ ഇടവേളക്ക് ശേഷം ശിശുദിനാഘോഷം ഓഫ്‌ലൈനായി നടത്തി സെന്റ് തോമസ് യു പി സ്കൂൾ. സ്കൂൾ ഗ്രൗണ്ടിൽ വച്ച് നടന്ന ശിശുദിനാഘോഷം സ്കൂൾ മാനേജർ ഫാദർ ആന്റണി പുന്നൂർ ഉദ്ഘാടനം ചെയ്തു. രണ്ട് വർഷമായി ഓൺലൈനിലൂടെ നടത്തി വന്ന പരിപാടികളുടെ സമ്മാനദാനവും നിർവഹിച്ചു.

'കോവിഡ് കാരണം വിദ്യാർത്ഥികൾക്ക് നഷ്ടമായത് അദ്ധ്യാപകരുമായുള്ള ആത്മബന്ധമാണ് വിദ്യ അഭ്യസിക്കേണ്ടത് ഗുരുമുഖത്ത് നിന്നാണ്. ഓഫ്‌ലൈനായി പരിപാടി നടത്തുമ്പോഴുള്ള സന്തോഷം ഓൺലൈനിൽ കിട്ടാറില്ല. കോവിഡ് മാനദണ്ഡമുള്ളതിനാൽ ആദ്യ ബാച്ചിനെ മാത്രമേ ഉൾപ്പെടുത്താൻ കഴിഞ്ഞുള്ളുവെങ്കിലും പരിപാടി നടത്താൻ സാധിച്ചതിൽ സന്തോഷം. ശിശുദിനാഘോഷത്തിൽ പങ്കെടുക്കാൻ സാധിക്കാത്ത ബാച്ചിന് പരിപാടി ഓൺലൈനായി നടത്തും' പ്രിൻസിപ്പാൾ ഇൻ ചാർജ് ലില്ലി ജോസഫ് പറഞ്ഞു.

'കൊറോണയ്ക്ക് മുൻപ് സ്കൂളിൽ നിന്ന് വിദ്യാർത്ഥികളെ ഉൾപ്പെടുത്തി കരിക്കോട്ടക്കരി ടൗണിലേക്ക് റാലിയും തുടർന്ന് വിശിഷ്ടാഥിതികളുടെ സാനിധ്യത്തിൽ വിവിധമത്സരങ്ങൾ വിദ്യാർത്ഥികൾക്കായി നടത്തുകയും ചെയ്തിരുന്നു. എന്നാൽ കൊറോണകാലഘട്ടത്തിൽ സ്കൂളിൽ ചേർന്ന കുട്ടികൾക്ക് ശിശുദിനം അനുസ്മരണം മാത്രമാണ്.' യു പി വിഭാഗം അദ്ധ്യാപിക സിസ്റ്റർ ലിയോണ പറഞ്ഞു.

'ചാച്ചാജിയുടെ ജന്മദിനത്തോടനുബന്ധിച്ച് നടത്തിയ പരിപാടി സ്കൂളിൽ വച്ചായിരുന്നതുകൊണ്ട് കൂട്ടുകാർക്കൊപ്പം പങ്കെടുക്കാൻ സാധിച്ചു. മത്സരത്തിൽ പങ്കെടുത്ത് സമ്മാനം ലഭിച്ചതിൽ സന്തോഷമുണ്ട്.' മൂന്നാം ക്ലാസ് വിദ്യാർത്ഥിനി മെറിൽ ആൻ സിജോ പറഞ്ഞു.

ശിശുദിനത്തിന്റെ ഭാഗമായി ശിശുദിന ഗാനരചന, ചാച്ചാജിയുടെ തൊപ്പിനിർമാണം, ക്വിസ് എന്നീ മത്സരങ്ങൾ നടത്തി. പരിപാടിയിൽ പി.ടി.എ പ്രസിഡന്റ് തോമസ് എൻ.പി, മദർ പി.ടി.എ പ്രസിഡന്റ് ജാൻസി ജോബി, അദ്ധ്യാപകൻ ജൂബിലിൻ കെ ബാബു തുടങ്ങിയവർ സംസാരിച്ചു. കുട്ടികൾ കലാപരിപാടികൾ അവതരിപ്പിച്ചു.

## എഡിറ്റോറിയൽ

### സാങ്കേതികതയുടെ പുത്തൻ പാഠങ്ങൾ

കോവിഡ് കാല സാങ്കേതിക വിദ്യയുടെ വിപ്ലവത്തിന് കാലം സാക്ഷിയായ ഒന്നര വർഷങ്ങൾ നമ്മൾ പിന്നിട്ടിരിക്കുന്നു. ക്ലാസ് മുറികൾ ഓൺലൈനായതും, വർക്ക് ഫ്രം ഹോം എന്ന ആശയം പ്രായോഗികമായതുമെല്ലാം ഇതിന്റെ പ്രകടമായ അടയാളങ്ങളാണ്. നാടോടുമ്പോൾ നടുവേ ഓടാനൊരുങ്ങുകയാണ് അങ്ങാടികടവ് നിവാസികളും. തൊഴിലുറപ്പ് പദ്ധതിയുടെ ഓൺലൈൻ ചുവടുമാറ്റവും, ടോട്ടൽ സ്റ്റേഷൻ സർവേയും, വർധിച്ചു വരുന്ന ഓൺലൈൻ സേവന കേന്ദ്രങ്ങളുമെല്ലാം പ്രതീക്ഷക്ക് വകയൊരുക്കുന്നു.

തൊഴിലുറപ്പ് പദ്ധതിയിലെ മുഴുവൻ പ്രവർത്തനങ്ങളും ജി ഐ എസ് സിസ്റ്റത്തിന് കീഴിൽ കൊണ്ടുവരണമെന്ന കേന്ദ്രസർക്കാരിന്റെ നിർദ്ദേശ പ്രകാരം ജി.ഐ.എസ്.എം.ജി.എൻ.ആർ.ഇ.ജി എന്ന ആൻഡ്രോയ്ഡ് ആപ്പിൽ വിവരങ്ങൾ ശേഖരിച്ച് ലോക്കേഷൻ ഉൾപ്പെടെ അപ്‌ലോഡ് ചെയ്യുന്നു. ഈ ആപ്പ് പ്രകാരമാണ് അടുത്ത മൂന്ന് വർഷങ്ങളിലേക്കുള്ള പദ്ധതികൾ ആസൂത്രണം ചെയ്യുന്നത്. ഭൂമിയുടെ അളവുകൾ ചങ്ങലയിലും ടേപ്പിലും കുടുങ്ങികിടന്ന യുഗം അവസാനിച്ചിരിക്കുന്നു. അങ്ങാടിക്കടവിലെ ഭൂമി സർവേകൾ കഴിഞ്ഞ രണ്ടു വർഷങ്ങളായി ടോട്ടൽ സ്റ്റേഷൻ ഉപയോഗിച്ചാണ്. ഭൂവിവരങ്ങൾ വളരെ കുറച്ച് സമയം കൊണ്ട് കൃത്യമായി ആളുകളിലേക്കെത്തിക്കുന്ന ഈ സാങ്കേതിക വിദ്യ ജനപ്രിയമായി കഴിഞ്ഞു.

എട്ടു വർഷങ്ങൾക്ക് മുൻപ് രണ്ട് അക്ഷയകേന്ദ്രങ്ങൾ മാത്രം ഉണ്ടായിരുന്ന അയ്യൻകുന്ന് പഞ്ചായത്തിലിന്ന് നിരവധി ഓൺലൈൻ സേവന സംരംഭങ്ങളുണ്ട്. ഉപഭോക്താക്കളുടെ വർദ്ധനവിനെ തുടർന്ന് പുതിയതായി ആരംഭിച്ച മൊബൈൽ ഷോപ്പും അങ്ങാടിക്കടവിന്റെ സാങ്കേതിക വത്കരണത്തിന്റെ ഉദാഹരണമാണ്. പ്രവർത്തനങ്ങൾ കൃത്യമായ ഏകോപനത്തിലൂടെ തികച്ചും സുതാര്യമായി നടത്താനാവുമെന്നതു തന്നെയാണ് സാങ്കേതികവത്കരണത്തെ കൂടുതൽ സ്വീകാര്യമാക്കുന്നത്. ഓൺലൈനായുള്ള വാക്സിനേഷൻ ബുക്കിങ്ങും ഓൺലൈൻ ക്ലാസ്സുകളുമെല്ലാം ഡിജിറ്റൽ വിഭജനത്തെ അതിജീവിക്കാൻ ജനങ്ങളെ പ്രാപ്തരാക്കി കഴിഞ്ഞു. കൂടുതൽ സാങ്കേതിക മാറ്റങ്ങൾക്കായി തയ്യാറെടുക്കുകയാണ് ഈ ദേശം.

- എഡിറ്റർ

**അങ്ങാടിപ്പത്രത്തിന്റെ ശ്രദ്ധക്ക്...**

'ഓട്ടോ ഡ്രൈവർ അച്ചായനെ പറ്റി നല്ല ഒരു ലേഖനം വന്നു, അഭിനന്ദനങ്ങൾ. ഈ കത്ത് അങ്ങാടിക്കടവിലെ ഓട്ടോറിക്ഷ സ്റ്റാൻഡിനെ പറ്റിയാണ്. അങ്ങാടിക്കടവിലെ ഓട്ടോ സ്റ്റാൻഡ് റോഡു നിയമപ്രകാരം റോഡിന്റെ തെറ്റായ സൈഡിലും വളവിലുമാണ്. അങ്ങാടിക്കടവിൽ വാഹന ഗതാഗതം കൂടിവരുന്നതി നാൽ ഒരു അപകടങ്ങൾ വരാനുള്ള സാഹചര്യം വളരെ കൂടുതലാണ്. വേണ്ടപ്പെട്ടവർ അടിയന്തരമായി ശ്രദ്ധിക്കണം.'

- ജോ തോമസ്, അങ്ങാടിക്കടവുകാരൻ

# ഗാന്ധിയൻ മാർഗ്ഗത്തിലൂടെ മാത്യു സാർ

**ആഷ്മി തോമസ്**

'ഞാൻ ഇന്ത്യാരാജ്യത്തിന്റെ ഭരണാധികാരിയായി തീരുകയാണെങ്കിൽ അത് ഒരു മണിക്കൂർ നേരത്തേക്കാണെങ്കിൽ പോലും ആദ്യം ചെയ്യുന്ന സത്കർമം രാജ്യത്തെ എല്ലാ മദ്യശാലകളും അടച്ചുപൂട്ടും എന്നതായിരിക്കും.' മഹാത്മഗാന്ധിയുടെ സന്ദേശം ഉൾകൊണ്ട് ലഹരിവിമുക്ത പ്രസ്ഥാനത്തിന്റെ ഭാഗമായി കുടിയേറ്റ കർഷകർക്കിടയിൽ അഹോരാത്രം യത്നിച്ച വ്യക്തി... മാത്യു എം കണ്ടത്തിൽ. അധ്യാപകൻ, ഗാന്ധിയൻ, സാമൂഹ്യ പ്രവർത്തകൻ.

അറിവുവച്ച കാലം മുതൽക്കേ ഗാന്ധി മാർഗത്തിലാണ് മാത്യു സാറിന്റെ യാത്ര. സ്വാതന്ത്ര സമരസേനാനിയായ പിതാവിനൊപ്പം ചേർന്നാണ് തുടക്കം. മദ്യവിരുദ്ധ രംഗത്തെ ഈ പോരാളി 1959 ലെ വിമോചന സമരത്തിലും, കൊട്ടിയൂർ, പുൽപ്പള്ളി, ഗൂഡല്ലൂർ, ഷിമോഗ, കാക്കവ് തുടങ്ങിയ സ്ഥലങ്ങളിലെ കർഷകസമരങ്ങളിലും പങ്കാളിയായി.

'കരിക്കോട്ടക്കരിയെപ്പറ്റി പറയുമ്പോൾ മദ്യവർജനരംഗത്ത് എന്റെ സഹപ്രവർത്തകൻ മാത്യു കണ്ടത്തിലിനെ ഓർക്കാതെ വയ്യ'. തലശ്ശേരി അതിരൂപതയുടെ പ്രഥമ മെത്രാനായ മാർ സെബാസ്റ്റ്യൻ വള്ളോപ്പിള്ളിയുടെ വാക്കുകൾ മദ്യവിരുദ്ധ പോരാട്ടത്തിൽ മാത്യു സാർ എത്രത്തോളം തത്പരനായിരുന്നെന്നു വ്യക്തമാക്കുന്നു. സ്വതന്ത്ര കേരളത്തിൽ കെ കേളപ്പൻ നയിച്ച ആദ്യ മദ്യവിരുദ്ധ സമരത്തിലെ മുന്നണി പോരാളി, കെ സി ബി സി മദ്യവിരുദ്ധ സമിതി നടത്തിയ മദ്യവിരുദ്ധ കേരളയാത്രകളിലെ സ്ഥിരസാന്നിധ്യം. 1978ൽ മലബാർ മദ്യനിരോധന സമിതിയുടെ സെക്രട്ടറി,



1983 ൽ കേരള മദ്യനിരോധന സമിതിയുടെ സെക്രട്ടറി എന്നിങ്ങനെ മദ്യവിരുദ്ധ പോരാട്ടത്തിൽ അക്ഷീണം യത്നിച്ച മാത്യു സാർ മദ്യലഹരിയുടെ വലയിൽ അകപ്പെടുന്ന ഇന്നത്തെ തലമുറയോട് മദ്യത്തിൽ തൊടരുത് എന്നോർമ്മപ്പെടുത്തുന്നു.

മാത്യു സാറിന്റെ ഭാഷയിൽ കുടിയേറ്റ ജനതയുടെ സാഹസികതയോളം പ്രചോദനം നൽകുന്ന മറ്റൊന്നില്ല. അവരുടെ ഐതിഹാസികമായ കുടിയേറ്റത്തെ വരും തലമുറയ്ക്ക് പരിചയപ്പെടുത്തുന്നതിനും അഭിവന്ദ്യ വള്ളോപ്പിള്ളി പിതാവിന്റെ സ്മരണ നിലനിർത്തി ലഹരിവിരുദ്ധ പ്രവർത്തനങ്ങൾ നടത്തുന്നതിനും തക്കതായ മാർഗ്ഗം എന്ന രീതിയിലാണ് മാത്യു സാർ ബിഷപ്പ് വള്ളോപ്പിള്ളി ഫൗണ്ടേഷൻ ആരംഭിച്ചത്. കുടിയേറ്റ ചരിത്ര പുസ്തകങ്ങൾ വിതരണം ചെയ്യുക, ലഹരിവിമുക്ത ബോധവൽക്കരണ സെമിനാറുകൾ സംഘടിപ്പിക്കുക കൂടാതെ കുട്ടികൾക്കായി ഉപന്യാസം, ചിത്രരചന, പ്രസംഗ മത്സരങ്ങൾ നടത്തുക തുടങ്ങിയവയാണ് ഫൗണ്ടേഷന്റെ പ്രധാന പ്രവർത്തനങ്ങൾ.

കുറുവിലങ്ങാട് കണ്ടത്തിൽ ഔസേഫ് മാണി-ഏലി ദമ്പതികളുടെ ഏഴുമക്കളിൽ ആറാമനായി 1936 മെയ് 16 ന് ജനനം. 1945ൽ മലബാറിലേക്ക് കുടിയേറി. എടൂർ യു പി സ്കൂളിൽ നിന്നും പേരാവൂർ ഹൈസ്കൂളിൽ നിന്നും പഠനം പൂർത്തിയാക്കി. കരിക്കോട്ടക്കരി സെന്റ് തോമസ് സ്കൂളിൽ അൺട്രെയിൻഡ് അധ്യാപകനായി രണ്ടുകൊല്ലം ജോലി ചെയ്തു. തുടർന്ന് ട്രെയിനിങ്ങിനായി കണ്ണൂർ ട്രെയിനിങ് കോളേജിൽ ചേർന്നു. ശേഷം കരിക്കോട്ടക്കരി സ്കൂളിൽ 1991 വരെ അധ്യാപകനായി സേവനം ചെയ്തു.

ഫലിതങ്ങൾ ഏറെ ഇഷ്ടപെടുന്ന മാത്യു സാർ 'ഫലിതങ്ങളുടെ ചിരിവീട്' എന്ന പുസ്തകത്തിന്റെ ഗ്രന്ഥകർത്താവുമാണ്. കരിക്കോട്ടക്കരി സെൻ തോമസ് സ്കൂളിലെ അധ്യാപികയായിരുന്ന മേരിയാണ് ഭാര്യ. മക്കൾ: മിനിമോൾ (അധ്യാപിക) ഷീന (അധ്യാപിക) മനോജ് (അധ്യാപകനും അഭിഭാഷകനും).

# നവീകരിച്ച ഹൈസ്കൂൾ കെട്ടിടം ഉദ്ഘാടനം ചെയ്തു

**റിയ റോയി**

നവീകരണം പൂർത്തിയാക്കിയ അങ്ങാടിക്കടവ് സേക്രട്ട് ഹാർട്ട് ഹൈസ്കൂൾ കെട്ടിടത്തിന്റെ വെഞ്ചിരിപ്പും ഉദ്ഘാടനവും നടത്തി. നവംബർ 19 വെള്ളിയാഴ്ച്ച പേരാവൂർ നിയോജക മണ്ഡലം എം.എൽ.എ സണ്ണി ജോസഫ് നവീകരിച്ച കെട്ടിടം ഉദ്ഘാടനം ചെയ്തു. തലശ്ശേരി അതിരൂപതയുടെ പ്രഥമ സഹായമെത്രാൻ മാർ ജോസഫ് പാംപ്ലാനി വെഞ്ചിരിപ്പ് കർമ്മം നിർവ്വഹിച്ചു. തലശ്ശേരി അതിരൂപത വിദ്യാഭ്യാസ ഏജൻസി മാനേജർ റവ. ഫാ. മാത്യു ശാസ്താംപടവിൽ അദ്ധ്യക്ഷപ്രസംഗം നടത്തി.

'തലശ്ശേരി അതിരൂപത വിദ്യാഭ്യാസ ഏജൻസിയും അധ്യാപകരും അങ്ങാടിക്കടവ് ഇടവക സമൂഹവും ചേർന്നാണ് നിർമാണത്തിനുള്ള 45 ലക്ഷം രൂപ സമാഹരിച്ചത്. നിലവിലെ കെട്ടിടത്തിന് ബലക്ഷയമില്ലാതിരുന്നതിനാൽ ഭിത്തികൾ നിലനിർത്തി. തടികൊണ്ടുള്ള മേൽക്കൂര മാറ്റി പകരം ഇരുമ്പ് പൈപ്പിട്ടു. പൊട്ടി പൊളിഞ്ഞ സിമന്റ് തറ മാറ്റി ടൈൽ വിരിച്ചു. കൂടാതെ ഉപയോഗപ്രദമല്ലാത്ത ഡെസ്ക്കുകൾക്കും ബെഞ്ചുകൾക്കും പകരം പുതിയത് ലഭ്യമാക്കി.' മാനേജർ റവ. ഫാ. തോമസ് ആമക്കാട്ട് പറഞ്ഞു.

'കെട്ടിടം നവീകരിച്ചതിലൂടെ മേൽക്കൂരയുടെ ചോർച്ച മാറുകയും കൂടുതൽ സുരക്ഷിതമുള്ളതാക്കുകയും ചെയ്തു. ഒപ്പം സ്കൂൾ കൂടുതൽ ഭംഗിയുള്ളതായി' പൂർവ വിദ്യാർത്ഥിയായ ആഷ്‌ലി മാത്യു പറഞ്ഞു.

2019 മാർച്ച് ആദ്യ വാരം പണി ആരംഭിച്ചെങ്കിലും കോവിഡ് മൂലം




പണി നീണ്ടുപോവുകയായിരുന്നു. കഴിഞ്ഞ ഓഗസ്റ്റിലാണ് പൂർത്തിയായത്. 'നവീകരണം വിദ്യാർത്ഥികൾക്ക് മികച്ച സൗകര്യങ്ങൾ ഉറപ്പാക്കുവാനും അതുവഴി പഠന നിലവാരം ഉയർത്തുവാനും സഹായകരമാകും. വിദ്യാർത്ഥികളുടെയും അധ്യാപകരുടെയും വളരെ കാലത്തെ സ്വപ്നമാണ് ഇതിലൂടെ പൂവണിഞ്ഞത്.' പി റ്റി എ പ്രസിഡണ്ട് ബിജു കട്ടക്കയം പറഞ്ഞു.

# ചരൽ അത്‌ലറ്റിക് അക്കാദമിക്ക് തുടക്കം

**ഐസയ ന്യൂമെ**

ചരൾ : മലയോരമണ്ണിലെ യുവ കായിക താരങ്ങളെ വാർത്തെടുക്കുക എന്ന ഉദ്ദേശത്തോടെ ചരൽ അത്‌ലറ്റിക്സ് അക്കാദമി പ്രവർത്തനം ആരംഭിച്ചു. ഇരിട്ടി റേഞ്ച് എക്സൈസ് ഇൻസ്‌പെക്ടർ രജിത്ത് ഉദ്ഘാടനം നടത്തി.

'2018 ഏപ്രിൽ ഒന്നിന് പേരാവൂരിലെ ജിമ്മി ജോർജ് സ്റ്റേഡിയത്തിൽ ആരംഭിച്ച അക്കാദമിയുടെ രണ്ടാമത്തെ ശാഖയാണ് ചരലിൽ പ്രവർത്തനം ആരംഭിച്ചിരിക്കുന്നത്. കുട്ടികളുടെ കായിക വിദ്യാഭ്യാസത്തിന് കൂടുതൽ അവസരങ്ങൾ ഒരുക്കുവാൻ 2022 ജനുവരിയോടു കൂടി പുതിയൊരു അക്കാദമി അങ്ങാടിക്കടവിലും തുടങ്ങാൻ പദ്ധതിയുണ്ട്. മൂന്ന് വർഷങ്ങൾക്ക് മുമ്പ് ആരംഭിച്ച പേരാവൂരിലെ അക്കാദമിയിൽ ഇരുന്നൂറോളം കുട്ടികൾ ഇതുവരെ പരിശീലനം നേടികഴിഞ്ഞു. ഒരു രാജ്യാന്തര മെഡൽ ജേതാവിനെയും രണ്ട് സംസ്ഥാന തല ചാമ്പ്യൻമാരെയും അക്കാദമിക്ക് സംഭാവന ചെയ്യാൻ സാധിച്ചു.'

'നാട്ടുകാരിൽ ഭൂരിഭാഗവും പുതിയ ഒരു അക്കാദമി ആരംഭിക്കുന്നതിന് നല്ല സഹകരണമാണ് നൽകുന്നത്. കായികപരിശീലനം കുട്ടികളുടെ പഠനത്തെ ബാധിക്കുമെന്ന് പറഞ്ഞ് കുട്ടികളെ നിരുത്സാഹപ്പെടുത്തുന്ന അദ്ധ്യാപകരെ കാണുന്നതിൽ ദുഖമുണ്ട്. അവർക്ക് കായിക പരിശീലനത്തിന്റെ പ്രാധാന്യം അറിയില്ലായിരിക്കാം. അതുപോലെ സാമ്പത്തിക ബുദ്ധിമുട്ടുകൾ കൊറോണ കാലത്ത് ഒരു വെല്ലുവിളിയാണ്. എങ്കിലും കുട്ടികൾക്ക് പരമാവധി സൗകര്യങ്ങൾ നൽകാൻ ശ്രദ്ധിക്കുന്നുണ്ട്' . ഹെഡ് കോച്ചായ ജോമോൻ സർ പറഞ്ഞു.

20 കുട്ടികൾ ഇതുവരെ പ്രസ്തുത അക്കാദമിയിൽ രജിസ്റ്റർ ചെയ്തിട്ടുണ്ട്. എല്ലാ ദിവസവും വൈകുന്നേരം 4:30 ന് ആരംഭിക്കുന്ന പരിശീലനം 6 മണിക്ക് അവസാനിക്കും. 10 വയസ്സിനും 16 വയസ്സിനും ഇടയിലുള്ള എല്ലാ ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും അക്കാദമയിൽ ചേരാം. ഓരോ കുട്ടിയുടെയും അഭിരുചിയും പ്രകടനമികവും അനുസരിച്ച് അവർ തിരഞ്ഞെടുക്കുന്ന മേഖലയിലെ പ്രഫഷണൽ കോച്ചുകൾ അവരെ പരിശീലിപ്പിക്കും.

'പേരാവൂർ അത്‌ലറ്റിക്സ് അക്കാദമിയിലെ എന്റെ അനുഭവം വളരെ മികച്ചതായിരുന്നു. എല്ലാ പരിശീലകരും നാട്ടുകാരും നല്ല പിന്തുണ യാണ് നൽകിയത്. പുലർച്ച നാല് മുതൽ എട്ട് വരെ ആയിരുന്നു പരിശീലനം. കൃത്യമായ ഭക്ഷണ ക്രമവും കായികതാരങ്ങൾക്ക് ഉള്ള അടിസ്ഥാന സൗകര്യങ്ങളും അക്കാദമിയിൽ ഉണ്ട്. അക്കാദമയിയിൽ പരിശീലനം ലഭിച്ചതിനാൽ അത്‌ലറ്റിക്സിൽ, പ്രത്യേകിച്ച് ലോങ് ജംപിൽ ഞാൻ ഏറെ മെച്ചപ്പെട്ടു'. പേരാവൂർ അത്‌ലറ്റിക്സ് അക്കാദമിയിലെ മുൻ കായിക താരവും ലോങ് ജംപിൽ സംസ്ഥാന മെഡൽ ജേതാവുമായ ശിവകാമി പറഞ്ഞു.

# എടപ്പുഴ വെറ്ററിനറി ഉപകേന്ദ്രം പുതിയ കെട്ടിടത്തിലേക്ക്

**ജിഷ്ണ ബാലകൃഷ്ണൻ**

അയ്യൻകുന്ന് : സംസ്ഥാന മൃഗസംരക്ഷണ വകുപ്പും അയ്യൻകുന്ന് ഗ്രാമപഞ്ചായത്തും സംയുക്തമായി എടപ്പുഴയിൽ വെറ്ററിനറി ഉപകേന്ദ്രത്തിനായി നിർമ്മിച്ച പുതിയ കെട്ടിടം പേരാവൂർ എം എൽ എ സണ്ണി ജോസഫ് ഉദ്ഘാടനം ചെയ്തു. എടപ്പുഴയിൽ നിലവിൽ വെറ്ററിനറി ഉപകേന്ദ്രം പ്രവർത്തിച്ചിരുന്ന വാടക കെട്ടിടത്തിനു പകരമായാണ് പുതിയ കെട്ടിടം നിർമ്മിച്ചത്.

'എടപ്പുഴ ദൃശ്യ സാംസ്കാരിക വേദി സൗജന്യമായി നൽകിയ രണ്ട് സെന്റ് സ്ഥലത്താണ് പുതിയ കെട്ടിടം നിർമ്മിച്ചത്. നിർമ്മാണത്തിനായി മൃഗസംരക്ഷണ വകുപ്പ് അഞ്ച് ലക്ഷം രൂപ അനുവദിച്ചിരുന്നു.' പഞ്ചായത്ത് പ്രസിഡന്റ് കുര്യാച്ചൻ പൈമ്പള്ളിക്കുന്നേൽ പറഞ്ഞു.

'ആരോഗ്യമുള്ള കന്നുക്കുട്ടികളെ ഉത്പാദിപ്പിക്കുക എന്നതാണ് സ്ഥാപനത്തിന്റെ പ്രധാന ലക്ഷ്യം. പശു, എരുമ, എന്നിവയ്ക്കുള്ള കൃത്രിമ ബീജദാനവും, പ്രതിരോധ കുത്തിവെപ്പും, പ്രാഥമിക ശുശ്രൂഷയും ഇവിടെ ലഭ്യമാണ്. കർഷകർക്ക് പുൽവിത്ത് വിതരണം ചെയ്ത് പുൽകൃഷി പ്രോൽസാഹിപ്പിക്കുകയും ചെയ്യുന്നു.' ലൈവ് സ്റ്റോക്ക് ഇൻസ്‌പെക്ടർ എസ് ബിനുകുമാർ പറഞ്ഞു.

അയ്യൻകുന്ന് പഞ്ചായത്തിൽ ഒരു മൃഗാശുപത്രിയും എടപ്പുഴ, കരിക്കോട്ടക്കരി, ആനപ്പന്തി, കച്ചേരിക്കടവ്, രണ്ടാംകടവ് എന്നിവിടങ്ങളിലായി അഞ്ച് ഉപകേന്ദ്രങ്ങളുമാണ് സ്ഥിതി ചെയ്യുന്നത്. വാർഡ് മെമ്പർ ഷൈനി വർഗീസ്, ചീഫ് വെറ്ററിനറി ഓഫീസർ ഡോ. കെ മുരളീധരൻ, ഡോ. ശ്രീജിത്ത്, പഞ്ചായത്ത് വൈസ് പ്രസിഡന്റ് ലിസി തോമസ്, എടപ്പുഴ പള്ളി വികാരി ഫാ. പോൾ കുര്യാക്കോട്ടിൽ എന്നിവർ പങ്കെടുത്തു.

BHAVANS COMPUTER SYSTEMS
Manapallil Building , Vallithode
Computers , Laptops Accessories
Sales And Services
Contact :9745151269

അക്ഷയ ഇ കേന്ദ്രം
സേവനങ്ങളുടെ ജാലകം
വള്ളിത്തോട്, കരിക്കോട്ടക്കരി
പാസ്പോർട്ട്,പാൻകാർഡ്,ആധാർ കാർഡ്, ഇലക്ഷൻ ഐ ഡി കാർഡ്,
യൂണിവേഴ്സിറ്റി ഫീ പെയിമെന്റ്,സ്കോളർഷിപ്പ് അപേക്ഷകൾ,
എൻട്രൻസ് അപേക്ഷകൾ, ഇ-പെയ്മെന്റ്,പി.എസ്.സി, തുടങ്ങിയവ...

For private circulation only

എഡിറ്റോറിയൽ ടീം - ചീഫ് എഡിറ്റർ ആൻഡ് പബ്ലിഷർ: ഫാ. ഡോ. ബാസ്റ്റിൻ നെല്ലിശ്ശേരി | സ്റ്റാഫ് എഡിറ്റർ: അനിൽ തോമസ് നല്ലൂർ, സോണറ്റ് മാത്യു. | എഡിറ്റർ ഇൻ ചാർജ്: അനുഗ്രഹ ആൻ ജോർജ്ജ് | സബ് എഡിറ്റേഴ്സ്: ആഷ്മി തോമസ്, ഹർഷ കെ വി, ലിഡിയ ജേക്കബ്, ഐസയ ന്യൂമെ, ജിഷ്ണ ബാലകൃഷ്ണൻ, റിയ റോയി | ഫോട്ടോഗ്രാഫേഴ്സ്: നിതിൻ സി ജോസഫ്, ഹർഷ കെ വി | ഡിസൈനർ: നിതിൻ സി ജോസഫ്.